ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയം
വഞ്ചിയൂർ പി.ഒ, തിരുവനന്തപുരം , പിൻ- 695035
ഫോൺ :0471 – 2302490 ഫാക്സ്: 0471 – 2303025/2303080
ഇ-മെയിൽ : dhskerala@gmail.com വെബ്സൈറ്റ് :www.dhs.kerala.gov.in

നം.എം.സി.3-39043/16/ആ.വ.ഡ . തീയതി. 15/06/2017

# വിജ്ഞാപനം

ആരോഗ്യ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന 15 സർക്കാർ നേഴ്സിംഗ് സ്കൂളുകളിലും 2017 ഒക്ടോബർ മാസത്തിൽ ആരംഭിക്കുന്ന ജനറൽ നേഴ്സിംഗ് കോഴ്സിലേയ്ക്ക് ഫിസിക്സ്, കെമിസ്ട്രി, ബയോളജി ഐശ്ചിക വിഷയമായെടുത്ത് 40 ശതമാനം മാർക്കോടെ പ്ലസ് ടു അഥവാ തത്തുല്യ പരീക്ഷ പാസായവരിൽ നിന്നും അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു. എസ്.സി/എസ്.ടി വിഭാഗത്തിലുള്ള അപേക്ഷകർക്ക് പാസ്സ് മാർക്ക് മതിയാകും. സയൻസ് വിഷയങ്ങൾ പഠിച്ച അപേക്ഷകരുടെ അഭാവത്തിൽ മറ്റുള്ളവരേയും പരിഗണിക്കുന്നതാണ്.

14 ജില്ലകളിലായി ആകെ 365 സീറ്റുകളാണുള്ളത്. ഇതിൽ 20 ശതമാനം സീറ്റുകൾ ആൺകുട്ടികൾക്കായി സംവരണം ചെയ്തിരിക്കുന്നു. അപേക്ഷകർക്ക് 2017 ഡിസംബർ 31 ന് 17 വയസ്സിൽ കുറയുവാനോ, 27 വയസ്സിൽ കൂടുവാനോ പാടില്ല. പിന്നോക്ക സമുദായക്കാർക്ക് 3 വർഷവും, പട്ടികജാതി/ പട്ടിക വർഗ്ഗക്കാർക്ക് 5 വർഷവും ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്.

അപേക്ഷാഫോമും, പ്രോസ്പെക്ടസും ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റിൽ (**www.dhs.kerala.gov.in**) ലഭ്യമാണ്. ആപേക്ഷാ ഫീസ് പട്ടികജാതി പട്ടികവർഗ്ഗവിഭാഗക്കാർക്ക് 75/- രൂപയും മറ്റുള്ള വിഭാഗത്തിന് 250/- രൂപയുമാണ്.. പൂരിപ്പിച്ച അപേക്ഷകൾ അതാത് ജില്ലയിലെ നേഴ്സിംഗ് സ്കൂൾ പ്രിൻസിപ്പാളിന് **20.07.2017** വൈകുന്നേരം **5** മണിക്ക് ലഭിക്കത്തക്കവിധം അയയ്ക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയം, ജില്ലാ മെഡിക്കൽ ആഫീസ്, നേഴ്സിംഗ് സ്കൂളുകൾ എന്നിവിടങ്ങളിൽ നിന്നും പ്രവർത്തിദിവസങ്ങളിൽ ലഭിക്കുന്നതാണ്.

24/6

ആരോഗ്യ വകുപ്പ് ഡയറക്ടർ